(ബി) തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു കരട് സിറ്റിസൺ ചാർട്ടർ രൂപീകരിക്കുകയും അത് ഭരണപരിഷ്കരണ കമ്മിറ്റിയുടെ അഭിപ്രായത്തിനായി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഭരണപരിഷ്കാര കമ്മിറ്റിയുടെ അഭിപ്രായം അടിസ്ഥാനമാക്കിയും സർക്കാരിന്റെ അംഗീകാരത്തിന് അനുസൃതമായും ഇക്കാര്യത്തിൽ കൂടുതൽ വിശദമായ നടപടികൾ സ്വീകരിച്ചുവരുന്നു.

അണക്കെട്ടുകളുടെ നവീകരണം

7 (*487) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അണക്കെട്ടുകളുടെ നവീകരണം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം അണക്കെട്ടുകളാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര ജല കമ്മീഷൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം അണക്കെട്ടുകൾ നവീകരിക്കാൻ ആണ് ജല കമ്മീഷൻ ശുപാർശ നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) അണക്കെട്ടുകളുടെ നവീകരണത്തിനായി കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായം ലഭിച്ചിരുന്നോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനതല ഡാം സേഫ്റ്റി കമ്മിറ്റി പൂർത്തിയായതും ഭാഗികമായി പൂർത്തിയായതുമായ പതിനഞ്ച് ഡാമുകളും മൂന്നു ബാരേജുകളും സന്ദർശിച്ച് വേണ്ട സുരക്ഷിതത്വ നടപടികൾക്കുള്ള നിർദ്ദേശങ്ങൾ നല്കിവരുന്നു. ഇതനുസരിച്ചുള്ള പണികൾ അതാതു പദ്ധതിയുടെ ചുമതലുയുള്ള ചീഫ് എഞ്ചിനീയർമാരാണ് നടത്തി വരുന്നത്. സംസ്ഥാനത്തെ ഡാമുകളുടെ നവീകരണത്തിന് ആവശ്യമായ പണികളുടെ വിശദാംശങ്ങൾ അടങ്ങിയ എസ്റ്റിമേറ്റുൾപ്പെടെ 33.35 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. നെയ്യാർ
2. മലമ്പുഴ
3. കുറ്റ്യാടി
4. കാഞ്ഞിരപ്പുഴ
5. പീച്ചി
6. പോത്തുണ്ടി
7. വാഴാനി
8. മീങ്കര
9. ചുള്ളിയാർ
10. വാളയാർ

എന്നീ ഡാമുകളും, പഴശ്ശി ബാരേജ്, പമ്പാ, പെരിയാർ എന്നീ മൂന്ന് ബാരേജുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഡാമിന്റെ ഭദ്രതയെക്കുറിച്ച് മാത്രമുള്ള പഠനം ജലകമ്മീഷൻ നടത്തിയിട്ടില്ല.

(ഡി) സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച റിപ്പോർട്ട് കേന്ദ്ര ജലകമ്മീഷൻ പരിശോധിക്കുകയും ജലവിഭവ മന്ത്രാലയത്തിലേയ്ക്ക് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നടത്തുവാനുദ്ദേശിക്കുന്ന പുതിയ പ്രോജക്ട് പ്രൊപ്പോസ്സലിൽ കേരളത്തെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ട്.

യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ ചെറുകിട ജലസേചന പദ്ധതികൾ

8 (*488) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് ജലസേചനവകുപ്പിൽ നടപ്പിലാക്കിവരുന്ന ചെറുകിട ജലസേചന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന "ജലവാഹിനി" പദ്ധതി വിജയകരമായിരുന്നോ ;

(സി) ജലപദ്ധതിക്കായി എത്ര കോടി രൂപ ഇ.ഇ.സി. യിൽ നിന്ന് സാമ്പത്തിക സഹായമായി ലഭിച്ചിട്ടുണ്ട്. ഈ സഹായം നല്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉണ്ടാക്കിയ കരാറിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly